II. ശ്രദ്ധക്ഷണിക്കൽ

(1) ജീവൻരക്ഷാ ഔഷധങ്ങളുടെ വില വർദ്ധനവ്

[9.30 A.M.]

ശ്രീ. ടി.എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചാണ് എനിക്ക് സഭയിൽ കാളിംഗ് അറ്റൻഷനായി അവതരിപ്പിക്കാനുള്ളത്. കേരളത്തിലെ സാധാരണക്കാരനെ സംബന്ധിച്ച് പറയുമ്പോൾ, അവന്റെ ജീവിതം ഇന്ന് വളരെ ദുരിതപൂർണ്ണമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ഒരു ഭാഗത്ത് മനുഷ്യജീവിതം ദുരിതപൂർണ്ണമായിരിക്കുന്നു. അതോടൊപ്പം രോഗംവന്നാൽ ചികിത്സ കിട്ടാതെ മരിക്കുന്ന സാഹചര്യത്തിലേയ്ക്കും കാര്യങ്ങൾ എത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്ത് മരുന്നുകളുടെ വില നിയന്ത്രണം നീക്കുകയുണ്ടായി. അത് നമ്മുടെ നാട്ടിലെ പാവങ്ങളെ വേദനയുടെയും ദുരിതത്തിന്റെയും മരണത്തിന്റെയും ലോകത്തിലേയ്ക്ക് തള്ളിവിടുകയാണ് ചെയ്തിരിക്കുന്നത്. ഇത് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഒരു നടപടിയാണ്. അതുമൂലം നമുക്ക് ബുദ്ധിമുട്ടുണ്ടായി. പക്ഷെ അതിൽ കുറേ കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്തേ പറ്റൂ. എല്ലാ കാര്യങ്ങളിലേയ്ക്കും ഞാൻ കടക്കുന്നില്ല. ജീവൻരക്ഷാ ഔഷധങ്ങളുടെ വില വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് രണ്ട് മൂന്ന് പ്രാവശ്യം ഇതിനെക്കുറിച്ച് സംസാരിച്ചു. എന്റെ കയ്യിൽ മരുന്നുകളുടെ ഒരു നീണ്ട ലിസ്റ്റുണ്ട്. അത് ഞാൻ വായിക്കുന്നില്ല. സാധാരണ രോഗങ്ങൾക്കുള്ള മരുന്നുകളുടെ വിലപോലും സാധാരണക്കാരന് താങ്ങാൻ കഴിയുന്നതിൽ കൂടുതലാണ്. പ്രത്യേകിച്ച് പ്രമേഹം, രക്തസമ്മർദ്ദം, അപസ്മാരം, വേദനസംഹാരി, ഹൃദ്രോഗം, ഹൈപ്പറൈറ്റീസ് (ബി), (സി) തുടങ്ങിയ വൈറസുകൾക്കെതിരെയുള്ള ചികിത്സ എന്നിവയ്ക്കുവേണ്ടി ഉപയോഗിക്കുന്ന മരുന്നുകളുടെ വിലയിലാണ് വലിയ വർദ്ധനവുണ്ടായിരിക്കുന്നത്. പത്തുനാൽപ്പത്തിയഞ്ച് ഇനങ്ങൾക്ക് ക്രമാതീതമായ വിലവർദ്ധന ഉണ്ടായിട്ടുണ്ട്. പ്രാധാനപ്പെട്ട പല ആന്റീബയോട്ടിക്സുകൾക്കും വില വർദ്ധിച്ചിട്ടുണ്ട്. ഡയബറ്റിക്സ്, ബ്ലഡ് പ്രഷർ, ഹൃദ്രോഗം തുടങ്ങിയവയ്ക്കൊക്കെ പലപ്പോഴും ലൈഫ് ലോംഗ് മെഡിസിൻ ആവശ്യമായിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ പ്രമേഹരോഗവുമായി ബന്ധപ്പെട്ട് അദ്ദേഹം 14 ഗുളിക കഴിക്കുന്നുണ്ട് എന്നു പറഞ്ഞു. അതുപോലെതന്നെ ശ്രീ. ടി.കെ. രാമകൃഷ്ണനും. അദ്ദേഹം ചിലപ്പോൾ ഉറങ്ങുന്നതു കാണാം. അത് അദ്ദേഹത്തിന്റെ കുഴപ്പം കൊണ്ടല്ല, ക്ഷീണംകൊണ്ടും കഴിക്കുന്ന മരുന്നിന്റ റിയാക്ഷൻകൊണ്ടുമാണ്. ലൈഫ് ലോംഗ് മെഡിസിൻ പലതിനും ആവശ്യമായി വന്നിരിക്കുകയാണ്. മരണം വരെ അതു കഴിച്ചേ പറ്റൂ എന്ന സ്ഥിതിയാണ്. എം.എൽ.എ.മാർക്കാണെങ്കിലും സർക്കാർ ഉദ്യോഗസ്ഥൻമാർക്കാണെങ്കിലും റീ-ഇംമ്പേഴ്സ്മെന്റുണ്ട്. പക്ഷെ സാധാരണക്കാരന് ആരാണ് റീ-ഇമ്പേഴ്സ്മെന്റ് ചെയ്തുകൊടുക്കുന്നത്? ആരും കൊടുക്കില്ല. രോഗം വന്നാൽ എവിടെ നിന്നെങ്കിലും ചികിത്സ കിട്ടിയില്ലെങ്കിൽ, പ്രത്യേകിച്ച് ഗവൺമെന്റ് ആശുപത്രികളെ ആശ്രയിച്ചുകഴിയുന്ന രോഗികൾക്ക് തക്കതായ ചികിത്സ കിട്ടിയില്ലെങ്കിൽ മരിച്ചതുതന്നെ. 'ജുവനയിൽ ഡയബറ്റീസ്' കുട്ടികൾക്ക് ചെറിയ പ്രായത്തിലുണ്ടാകുന്ന ഡയബറ്റീസാണ്. അതിന് ഇൻസുലിൻ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ പ്രതിവിധിയുള്ളൂ. 'ജുവനയിൽ ഡയബറ്റിക്' ആയിട്ടുള്ള രോഗിയെ സംബന്ധിച്ച് അവരുടെ ജീവിതം എത്ര വർഷമെന്നുള്ളത് പലപ്പോഴും മെഡിക്കൽ സയൻസ് റഫർ ചെയ്തു പറയുന്നുണ്ട്. ഇരുപത്തിയഞ്ചു-മുപ്പതു വർഷത്തിനപ്പുറം ആരും പോകുകയില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ഞാൻ ഒരു കമ്പാരറ്റീവ് സ്റ്റഡി നടത്തിയപ്പോൾ, 1998-ലെ മരുന്നിന്റെ വിലയും ഇപ്പോഴത്തെ വിലയും തമ്മിൽ നോക്കിയപ്പോൾ പത്തു ശതമാനം മുതൽ 100 വരെ വർദ്ധനവ് വന്നിട്ടുണ്ട്. പ്രമേഹത്തിന് സാധാരണഗതിയിൽ ഡോക്ടർമാർ സജസ്റ്റ് ചെയ്യുന്ന ഡയോണിൽ, യൂഗ്ലിക്കോൺ, ഗ്രൈസിഫേജ്, ഗ്ലൈക്കോമറ്റ്, ഇൻസുലിൻ എന്നിവയ്ക്ക് വില കൂടുതൽ വന്നിരിക്കുകയാണ്. ഇൻസുലിനകത്ത് തന്നെ ഹ്യൂമൻ അട്രാപിഡ് ഇൻസുലിൻ ഉണ്ട്. മൊത്തത്തിൽ ഇൻസുലിനെല്ലാം വില കൂടി. ഹ്യൂമൻ ഇൻസുലിന് രണ്ടുമാസം മുമ്പ് 175 രൂപയുണ്ടായിരുന്നത്, ഇപ്പോൾ 206 രൂപ വരെയായി. അതുപോലെ ഡയോണിൽ എന്ന ഗുളികയ്ക്ക് എട്ടു പത്തുവർഷം മുമ്പ് അഞ്ചു പൈസയ്ക്ക് ഒരു ഗുളിക കിട്ടുമായിരുന്നു. അതിന്റെ വില ഇന്ന് 5 രൂപ 82 പൈസയായി (ഒരു ഗുളികയ്ക്ക്). ബ്ലഡ് പ്രഷറിന് കൊടുക്കുന്ന നിക്കാർഡിയ, മെറ്റലാർ, ലോപ്രസർ, സിറ്റലാക്ക് തുടങ്ങിയ മരുന്നുകളുടെ വിലയും വളരെ വർദ്ധിച്ചിട്ടുണ്ട്. ആന്റീബയോട്ടിക്സ് പലയിനങ്ങളുണ്ട്. അതിനെല്ലാം വില വർദ്ധിച്ചു. ഹെപ്പറ്റൈറ്റീസ് വൈറസിനെ സംബന്ധിച്ച് ഞാൻ പറഞ്ഞു. ഹെപ്പറ്റൈറ്റിസ് വൈറസിനെ ലോകത്തിലെ ഫാസ്റ്റ് കില്ലിംഗ് വൈറസ് എന്നാണ് പറയുന്നത്. പ്രൊപ്പറായിട്ടുള്ള ട്രീറ്റ്മെന്റ് കൊടുത്തില്ലെങ്കിൽ ആറാഴ്ച മുതൽ ആറു മാസത്തിനുള്ളിൽ രോഗി മരിക്കും. അതുറപ്പാണ്. അതിന് ഇപ്പോൾ രണ്ട് മരുന്നുണ്ട്. ലാമിവുഡിൻ, എപ്പിവിർ എന്നിവയാണ്. എപ്പിവിർ എന്ന ഗുളിക ഇംപോർട്ടഡ് മെഡിസിനാണ്. ഒരു ഗുളികയുടെ വില 240 രൂപയാണ്. എത്രയാളുകൾക്ക് അതു വാങ്ങാൻ സാധിക്കും? ഇന്ത്യയിൽ ഒരു പുതിയ മെഡിസിൻ ഡെവലപ്പ് ചെയ്തിട്ടുണ്ട്. ലാമിവിർ എന്നാണ് അതിന്റെ പേര്. ഒരു ഗുളികയ്ക്ക് 60 രൂപ വരെ വില വരുന്നുണ്ട്. ഇന്ത്യയിൽ, അല്ലെങ്കിൽ കേരളത്തിൽ കൊടുക്കുന്ന പ്രധാനപ്പെട്ട ഒരു ഇൻജക്ഷൻ എന്നു പറയുന്നത് ഇൻഫറോൺ ആണ്. ഹെപ്പറ്റൈറ്റീസ് (ബി) വൈറസ് ബാധിച്ച ആളുകൾക്ക് ട്രീറ്റ്മെന്റിന് നാലു മാസത്തേയ്ക്ക് ഒരു ഇൻജക്ഷൻ മതി. ഒരു ഇൻജക്ഷന് രണ്ടായിരം രൂപ വിലയുണ്ട്. നാലു മാസം ഒന്നിടവിട്ട ദിവസങ്ങളിൽ 60 ഇൻജക്ഷൻ കൊടുക്കണം. അതിന് 1,20,000 രൂപ വേണം. ഈ മരുന്നു കൊടുത്തില്ലെങ്കിൽ രോഗി മരിക്കുമെന്ന കാര്യം ഉറപ്പാണ്. ഹെപ്പറ്റൈറ്റിസ് (സി) വൈറസാണെങ്കിൽ 12 മാസം മുതൽ 18 മാസം വരെ ഒന്നിടവിട്ട ദിവസങ്ങളിൽ ഇൻജക്ഷൻ കൊടുക്കണം. അതിനുവേണ്ടി 270 ദിവസം രണ്ടായിരം രൂപവച്ച് 5,40,000 രൂപ വേണം. പാവപ്പെട്ടവൻ എന്തു ചെയ്യും? വളരെ ഗുരുതരമായ ഒരു സ്ഥിതിയാണ്. ഈ ഇൻജക്ഷനാണ് ഇപ്പോൾ പ്രോപ്പറായിട്ടുള്ള ട്രീറ്റ്മെന്റ് എന്നുപറയുന്നത്. ഡോക്ടർമാർ അഡ്വൈസ് ചെയ്യുന്ന ട്രീറ്റ്മെന്റ് അതാണ്. പക്ഷെ അതുതാങ്ങാൻ കഴിവുള്ള ആളുകൾ നമ്മുടെ നാട്ടിൽ എത്രയുണ്ട്? അപ്പോൾ പാവപ്പെട്ട മനുഷ്യർ എന്തു ചെയ്യും? കുറേ ഡോക്ടർമാരും കുറേ ഇൻസ്റ്റിറ്റ്യൂഷൻസുമെല്ലാം ലിബറലായിട്ട് ഇതിനെ കാണുകയും കുറച്ചൊക്കെ സബ്സിഡൈസ് ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. അതൊക്കെ ഒരു പരിധിയ്ക്കപ്പുറം പോകാൻ കഴിയുമോ? 'പെപ്റ്റിക് അൾസർ' എന്ന രോഗത്തിന് ഒരുകാലത്ത് ചികിത്സയെ സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. ഒരു ബാക്ടീരിയ വഴിയാണ് അതുണ്ടാകു

LIBRARY ARCHIVES Kerala Legislative Assembly

ന്നതെന്നു കണ്ടുപിടിച്ചു. ഇതിന് മൂന്നു ആന്റിബയോട്ടിക്സുകൾ ഒന്നിച്ചു കൊടുക്കുന്ന സിസ്റ്റമാണ് ഇപ്പോഴുള്ളത്. അത് ഏഴുദിവസം കഴിക്കണം. അതിന് 65 രൂപ വച്ച് 455 രൂപ വേണ്ടിവരും. ഞാൻ എല്ലാ മരുന്നിന്റെയും വില വായിക്കുന്നില്ല. രണ്ടുമൂന്നെണ്ണം പറഞ്ഞോട്ടെ. ബ്ലഡ് പ്രഷറിന് കൊടുക്കുന്ന ലോർവാസിന് അടുത്തകാലംവരെ 20.50 രൂപയായിരുന്നത് ഇപ്പോൾ 40 രൂപയായി വർദ്ധിച്ചു. സാധാരണ ചുമയ്ക്കു കൊടുക്കുന്ന ക്രോസിൽ ലിംഗ്റ്റസ് എന്നുപറയുന്ന മരുന്നിന് വില 27 രൂപയായിരുന്നത് 48 രൂപയായി വർദ്ധിച്ചു. അതുപോലെതന്നെ വേദനയ്ക്കുവേണ്ടി കൊടുക്കുന്ന നാർകോജിൻ ഫോർട്ട് എന്ന മരുന്നിന് 26 രൂപ ഉണ്ടായിരുന്നത് 58 രൂപയായി വർദ്ധിച്ചു. ഹൃദ്രോഗ ചികിത്സയ്ക്ക് സാധാരണഗതിയിൽ കൊടുക്കുന്ന മോണിറ്റ്-20 എന്നു പറയുന്ന ചെറിയൊരു മരുന്നിന് 16 രൂപയായിരുന്നത് 20 രൂപയായി വർദ്ധിച്ചു. ബാക്കി ഞാൻ വായിക്കുന്നില്ല. ഇതിൽ പലതും കേന്ദ്ര സർക്കാരിന്റെ വിലനിയന്ത്രണത്തിൽ വരുന്നതാണ്. ഈ സർക്കാരിന്റെ പ്രത്യേക അനുമതി അല്ലെങ്കിൽ നിയമത്തിന്റെ പഴുതുകൊണ്ടാണ് മരുന്നുകൾക്ക് വില കൂട്ടിയത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെതന്നെ ഈ വർഷം അവസാനിക്കുമ്പോൾ ഇതിൽ പല മരുന്നുകളുടേയും പേറ്റന്റ് നിയമപരിധിയിൽനിന്നും പുറത്തുവരുമെന്നുള്ളതുകൊണ്ട് വിലവർദ്ധിപ്പിക്കാനുള്ള കാരണം പ്രധാനമായി വന്നിരിക്കുന്നു. അതുകൊണ്ട് ഒരു നിർദ്ദേശം കൂടി വച്ചുകൊണ്ട് ഞാനിത് അവസാനിപ്പിക്കുകയാണ്. സർക്കാർ ആശുപത്രിയെ ആശ്രയിച്ചുവരുന്ന നിരവധി പാവങ്ങളുണ്ട്. അവർക്ക് അവിടെനിന്നും മാത്രമേ മരുന്നുള്ളൂ. ഇപ്പോൾ ത്രിതല സംവിധാനം വന്നപ്പോൾ പണം നമ്മൾ അങ്ങോട്ടുകൊടുക്കുന്നുണ്ട്. പക്ഷേ അത് മരുന്ന് വാങ്ങാനല്ല, ചിലരൊക്കെ അത് ചെയ്യുന്നുണ്ട്. ഞാൻ സർക്കാരിൽനിന്നും കിട്ടിയ കണക്കുവച്ചാണ് പറയുന്നത്, മരുന്നിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഇപ്പോൾ പൊതുവെ നീക്കിവയ്ക്കുന്ന തുക നമുക്കാകെ ആവശ്യം വരുന്നതിന്റെ 18% മാത്രമേ വരുന്നുള്ളൂ. പണത്തിന്റെ ഞെരുക്കംമൂലം അത്രയും തുകയേ നമുക്ക് മാറ്റിവയ്ക്കാൻ കഴിയുന്നുള്ളൂ. മരുന്നിന്റെ വില കൂടുമ്പോൾ 18% എന്നുള്ളത് പിന്നെയും താഴോട്ടുപോകുകയാണ്. അങ്ങനെയൊരു സാഹചര്യം വന്നെത്തിയാൽ കേരളത്തിന്റെ സ്ഥിതി എന്താകും? ഇപ്പോൾ ഹോസ്പിറ്റൽ ഡെവലപ്പമെന്റ് കമ്മിറ്റിയും നീതിമെഡിക്കൽ സ്റ്റോറുകളും അവിടെ കുറെ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. അതുകൊണ്ട് എനിക്ക് പ്രായോഗികമായി ഇക്കാര്യത്തിൽ വയ്ക്കാനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റ് ചെയ്തിരിക്കുന്ന ഈ നടപടി ശരിയല്ലെന്ന് അവരെ ബോധ്യപ്പെടുത്തുകയും അത് പിൻവലിക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണ്, നമ്മളതു ചെയ്യണം. അതോടൊപ്പംതന്നെ സ്റ്റേറ്റ് ഗവൺമെന്റിന് ഇത് കണ്ടില്ലെന്ന് പറയാൻ സാധ്യമല്ല. ഈ നാട്ടിലെ ജനങ്ങളെ വളരെ ഗുരുതരമായി ബാധിക്കുന്ന, നമുക്കെല്ലാവർക്കും പൊതുതാല്പര്യമുള്ള വിഷയം പറയുമ്പോൾ അതിനകത്ത് രാഷ്ട്രീയം കടത്തരുതെന്ന് ആഗ്രഹമുള്ളതുകൊണ്ട് ഞാൻ രാഷ്ട്രീയം പറയുന്നില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത് ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്കറിയാം. മരുന്നിനുവേണ്ടി കുറച്ചു പണം കൂടി സർക്കാർ മാറ്റിവയ്ക്കണം. വളരെവലിയ വിലവർദ്ധനവ് വന്നിരിക്കുന്നത് ലൈഫ് ലോംഗ് ആയി ഉപയോഗിക്കുന്ന മെഡിസിനെ സംബന്ധിച്ചാണ്. പാവപ്പെട്ട ആളു

LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് സബ്സിഡൈസ് ചെയ്ത് മരുന്നുകൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കണം. ഈ വഴിക്കുമാത്രമേ ഇതിനെ കാണുവാൻ കഴിയൂ. അതല്ലായെങ്കിൽ നമ്മുടെ നാട്ടിൽ ലക്ഷക്കണക്കിന് ആളുകൾ ശരിയായ ചികിത്സലഭിക്കാതെ മരിച്ച് മണ്ണോടു ചേരുകയല്ലാതെ വേറെ യാതൊരു മാർഗ്ഗവുമില്ല. ഇത് താങ്ങുവാൻ കഴിയുന്ന ഒരുവിഭാഗം ആളുകളുണ്ട്. നമ്മുടെ വീട്ടുകാർക്ക് ഒരു രോഗം വന്നാൽ എല്ലാം വിറ്റുപെറുക്കി ചികിത്സിക്കുന്ന ആളുകളാണ് കേരളത്തിലുള്ളത്. പക്ഷേ ഒന്നും വിൽക്കാനും ഒന്നും നൽകാനുമില്ലാത്ത ലക്ഷക്കണക്കിന് പാവങ്ങൾ നമ്മുടെ നാട്ടിൽ രോഗികളായി വരുന്നുണ്ട് എന്നുള്ള കാര്യംകൂടി പരിഗണിച്ച് അവരെ രക്ഷിക്കാനുള്ള എന്തെങ്കിലും കാര്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയും ഗവൺമെന്റ് കുറേക്കൂടി പണം മരുന്നുകൾ വാങ്ങാൻ മാറ്റിവയ്ക്കുകയും പാവപ്പെട്ട ആളുകൾക്ക് കുറേക്കൂടി സബ്സിഡൈസ്ഡായിട്ടുള്ള റേറ്റിൽ മരുന്ന് വാങ്ങാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഔഷധങ്ങളുടെ വിലയിൽ വന്ന വർദ്ധനവാണ്. ഈ രാജ്യത്തെ പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം ആവശ്യമായ മരുന്ന് ലഭിക്കാത്ത ഒരു അവസരമുണ്ടായിട്ടുണ്ട്. ഔഷധങ്ങളുടെ വില നിശ്ചയിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം പൂർണ്ണമായി കേന്ദ്രസർക്കാരിനാണുള്ളത്. 1955-ലെ അവശ്യസാധന നിയമമനുസരിച്ച് ഔഷധങ്ങളെ അവശ്യസാധനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ കേന്ദ്രസർക്കാരാണ് കാലാകാലങ്ങളിൽ വിലനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. '76 ബൾക്ക് ഡ്രഗു'കളേയും അതുപയോഗിച്ച് നിർമ്മിക്കുന്ന ഫോർമുലേഷനുകളേയും മാത്രമാണ് വിലനിയന്ത്രണ ഉത്തരവിന്റെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്. ആ 76 ബൾക്ക് ഡ്രഗിന്റെയും ഫോർമുലേഷന്റെയും പട്ടികയിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഇൻസുലിൻപോലുള്ള അത്യാവശ്യ മരുന്നുകൾ വരുന്നുണ്ട്. ഈ മരുന്നുകൾക്ക് പരമാവധി വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണുതാനും. അപ്രകാരം പരമാവധി വില നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത മരുന്നുകൾക്ക് വിലനിയന്ത്രണ ഉത്തരവിലെ ഫോർമുല അനുസരിച്ച് നിർമ്മാതാക്കൾ ചിലർ വില നിശ്ചയിച്ച് കേന്ദ്രഗവൺമെന്റിൽനിന്നും അംഗീകാരം വാങ്ങേണ്ടതാണ്. അതിനും കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം വേണം. എന്നാൽ ചെറുകിട നിർമ്മാതാക്കൾക്ക് ഈ വ്യവസ്ഥ ബാധകമല്ല. ജീവൻരക്ഷാ ഔഷധങ്ങൾക്ക് ഉൾപ്പെടെ പല ഔഷധങ്ങൾക്കും വില വർദ്ധിച്ചുവരുന്നു എന്നുള്ളത് ശരിയാണ്. ഈ 76 ഇനങ്ങളുടെ പട്ടിക, 1998-99-ലെ ഓരോ മരുന്നിന്റെയും പട്ടിക ഞാൻ പൂർണ്ണമായി ശേഖരിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും വിലവർദ്ധനവുണ്ടായിരിക്കുന്നത് ഇൻസുലിനാണ്. അതിന് 50 രൂപ 34 പൈസ വിലയുണ്ടായിരുന്നത് 1999 ആയപ്പോൾ 72 രൂപ 34 പൈസയായി. 43.70% വർദ്ധിച്ചിട്ടുണ്ട്. Lenti insulin-ന് 50 രൂപ 25 പൈസയായിരുന്നത് 72.48 രൂപയായി, 44% -ത്തിലധികം വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെതന്നെ കോപ്പർട്ടമൈൽ-ന്റെ ചെലവ് ചുരുങ്ങിയിട്ടുണ്ട്. ചില സാധനങ്ങൾക്ക് വില കുറഞ്ഞിട്ടുമുണ്ട്. ചില ഔഷധങ്ങൾക്ക് പ്രത്യേകിച്ചും പ്രമേഹം, രക്തസമ്മർദ്ദം, അപസ്മാരം തുടങ്ങിയ രോഗങ്ങൾക്കുവേണ്ടിയുള്ള മരുന്നുകളുടെ വിലയാണ് കൂടിയിരിക്കുന്നത്. ഇപ്പോൾത്തന്നെ ചില മരുന്നുകൾക്ക് പത്തും

LIBRARY ARCHIVES Kerala Legislative Assembly

ഇരുപതും ശതമാനം വില കുറഞ്ഞുംവന്നിട്ടുണ്ട്. അപസ്മാരരോഗത്തിനുവേണ്ടിയുള്ള സിറപ്പിന് 8.47 രൂപയായിരുന്നത് 11.33 രൂപയായി ഉയർന്നു. Ventiff liquid-ന് 11.16 രൂപയായിരുന്നത് 18.47 രൂപയായി. 162% വിലവർദ്ധനവാണ് രക്തസമ്മർദ്ദത്തിനാവശ്യമായ Verapairal-എന്ന മെഡിസിന് 13 രൂപ 35 പൈസയായിരുന്നത് 35 രൂപയായി വർദ്ധിച്ചു. ഹൃദ്രോഗം, ഡയബറ്റിക്സ്, രക്തസമ്മർദ്ദം എന്നിവയ്ക്കുള്ള മരുന്നുകൾക്കാണ് ഏറ്റവും കൂടുതൽ വില വർദ്ധിച്ചിരിക്കുന്നത്. അത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബാധകമാകാൻ പോകുന്ന സംസ്ഥാനവും കേരളം തന്നെയാണ്. ഈ വിലവർദ്ധനവിന് ഒരു ന്യായവുമില്ല. ഇതൊക്കെ ഇമ്പോർട്ടുചെയ്യുന്ന ബാക്ക്ഡേറ്റ് വച്ചുകൊണ്ടുള്ള ഫോർമുലേഷനാണ് ഇംപോർട്ടുചെയ്യുന്ന ഡ്രഗ്സിന്റെയൊക്കെ വിലയുടെ അടിസ്ഥാനത്തിൽ കമ്പനികളെ ഇക്കാര്യത്തിൽ അംഗീകരിക്കേണ്ടിവരുന്നു എന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് എടുത്തിട്ടുള്ളത്. ഇത് ഒരു കാരണവശാലും ന്യായീകരിക്കാൻ പറ്റില്ല. ഇക്കാര്യത്തിലിടപെടണമെന്നാവശ്യപ്പെട്ടുകൊണ്ട് പല ഘട്ടങ്ങളിലും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിലും ഇക്കാര്യം റെയ്സ് ചെയ്തു, അതിൽ ചർച്ചചെയ്ത പ്രധാനപ്പെട്ട വിഷയം ഇതായിരുന്നു. പക്ഷേ ഇതിന് അനുകൂലമായ യാതൊരു നടപടിയുമുണ്ടാകുന്നില്ല എന്നതാണ് വസ്തുത. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചില മരുന്നുകൾക്ക് വില കൂടിയിട്ടുണ്ട്. വർദ്ധനവ് കുറയ്ക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയുമെന്ന ചോദ്യം അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. മരുന്നുകളുടെ വിലക്കയറ്റത്തിൽനിന്ന് സാധാരണക്കാരന് ഒരു പരിധിവരെ ആശ്വാസം നൽകുന്നതിന് ചില കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടുണ്ട്. വിവിധ ആശുപത്രികളോടനുബന്ധമായി പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകൾ, 8 സിവിൽ സപ്ലൈസ് മെഡിക്കൽ ഷോപ്പുകൾ, 51 നീതി മെഡിക്കൽ സ്റ്റോറുകൾ ഇവയൊക്കെ അതിന്റെ ഭാഗമാണ്. അവിടെ വിലയിലും വ്യത്യാസമുണ്ട്. നേരത്തേയുണ്ടായിരുന്ന വില വച്ചുനോക്കിയാൽ ഇൻസുലിന് ഗവൺമെന്റ് എച്ച്.ഡി.സി.യുടെ പേയിംഗ് കൗണ്ടറിലുണ്ടായിരുന്ന വില 48 രൂപയായിരുന്നു. ഇപ്പോഴത് 64 രൂപയായി എന്നാൽ പുറത്ത് അത് 72.34 രൂപയാണ്. അപ്പോൾ എട്ടും പത്തും രൂപയുടെ വ്യത്യാസമുണ്ട്. കാരണം സി.പി.സി. രജിസ്ട്രിയായതുകൊണ്ടും ബൾക്ക് പർച്ചേസ് ആയതുകൊണ്ടും ഇതിൽ ചൂഷണം നടക്കുകയാണ്. ഇവരുടെ ലാഭമാണ് പ്രധാനം. 100% വരെ കമ്മിഷൻ കൊടുക്കുന്നുണ്ട്. അതുപോലെ പത്തിലൊന്ന് പ്രസന്റേഷനായി കൊടുക്കുന്നുണ്ട്. അതിന്റെയൊക്കെ ഫലം എന്താണെന്ന് അറിയുമോ? സ്വകാര്യ വ്യക്തികൾക്ക് ലാഭം കൂട്ടുകയാണ്. ആ ലാഭം ചുരുക്കി ഗവൺമെന്റുതന്നെ നേരിട്ട് ഔഷധവ്യാപാര മേഖലയിൽ അർദ്ധ ഔദ്യോഗികമായി ഇടപെടുന്ന സംവിധാനങ്ങളായിട്ടാണ് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ മെഡിക്കൽ സ്റ്റോറുകൾ, പേയിംഗ് കൗണ്ടറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ ഇവയൊക്കെ കൊണ്ടുവരാൻ കഴിഞ്ഞത്. ഒരു ഘട്ടത്തിൽ ഔഷധവ്യാപാരികളുടെ സമ്മർദ്ദത്തിനുവഴങ്ങി വൻകിട ഔഷധനിർമ്മാതാക്കളും, വിതരണക്കാരും ഇത്തരം സ്ഥാപനങ്ങൾക്ക് മരുന്ന് തരില്ല എന്നൊരവസ്ഥ വന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവരെ വിളിച്ച് ചർച്ച ചെയ്തതിന്റെ ഫലമായി ആ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ സാധിച്ചു. ഈ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഇനിയും വ്യാപകമായി വില വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഹെപ്പറ്റൈറ്റിസ് (ബി) വാക്സിനെ സംബന്ധിച്ചിടത്തോളം നേരത്തെ ദൗർലഭ്യമുണ്ടായിരുന്നു . ഇപ്പോൾ വാക്സിൻ ഉണ്ട്. എന്നാൽ ഇന്റർഫെറോൻ എന്ന ഇൻജക്ഷൻ കേരളത്തിലെ സ്വകാര്യസ്ഥാപനങ്ങളിൽ പോലുമില്ല. മെഡിക്കൽ കോളേജിൽതന്നെ ആവശ്യം വരുമ്പോൾ ബോംബെയിൽനിന്നും വരുത്തുകയാണ്. അങ്ങനെയുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ ഷോപ്പുകളിലുമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ലാമിവുഡിൻ എന്നുപറയുന്ന tablet സാധാരണയായി മെഡിക്കൽകോളേജിലെ രോഗികൾക്ക് കൊടുക്കുന്നതാണ്. അതിന് 50 രൂപയേയുള്ളു. നമ്മുടെ കൈയിൽ സ്റ്റോക്കുണ്ട്. ചില മരുന്നുകൾക്ക് ദൗർലഭ്യമുണ്ടെന്ന് നോട്ടീസുണ്ടായിരുന്നു. പരിശോധനയിൽ ദൗർലഭ്യമുണ്ട്. ചില മരുന്നുകൾ ഗവൺമെന്റ് മെഡിക്കൽ സ്റ്റോറുകളിൽ സംഭരിച്ചിട്ടുണ്ട്. ജീവനക്കാരുടെയും നാട്ടുകാരുടെയും സഹകരണം ഇക്കാര്യത്തിലുണ്ടായി. ഈ സഹകരണത്തിന്റെ ഫലമായിട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മെഡിക്കൽ സ്റ്റോറുകളിൽ കഴിഞ്ഞ വർഷം വലിയ ടേൺ ഓവറാണ് വന്നിട്ടുള്ളത്. രണ്ട് ലക്ഷത്തിന്റെ ടേൺ ഓവർവരെ വന്നിട്ടുണ്ട്. പുറമെനിന്നുള്ള ആളുകൾ അവിടെ മരുന്നുവാങ്ങാൻ വരുന്നുണ്ട്. എച്ച്.ഡി.സി.യുടെ പണമുപയോഗിച്ച് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ആരംഭിക്കാൻ ശ്രമിക്കുകയാണ്. മരുന്നിന് വില കുറച്ച് കൊടുക്കാനുള്ള ശ്രമമാണിത്. പാവപ്പെട്ട രോഗികൾക്ക് പൂർണ്ണമായും സൗജന്യമായി മരുന്നു കൊടുക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചു പഞ്ചായത്തുകളുടെ പ്രോജക്ടുകളിലുൾപ്പെടുത്തുമെന്ന്. പഞ്ചായത്തുകളുടെ പ്രോജക്ടിലുൾപ്പെടുത്തി അൻപതിനായിരവും ഒരു ലക്ഷവും രൂപയുമൊക്കെ മരുന്നുവാങ്ങുന്നതിന് പല പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും കൊടുക്കുന്നുണ്ട്. ഒട്ടും കഴിവില്ലാത്ത, ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കേണ്ടിവരുന്ന ഡയബറ്റീസ് രോഗികളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് കൊടുത്താലേ പറ്റുകയുള്ളൂ. ക്ഷയരോഗങ്ങൾ പോലുള്ള രോഗത്തിനൊക്കെ വേൾഡ് ബാങ്ക് പദ്ധതികളിലൂടെ പൂർണ്ണമായും മരുന്ന് സൗജന്യമായി കൊടുക്കാനുള്ള നടപടിയായിട്ടുണ്ട്. പക്ഷെ ആ രംഗത്ത് അത്തരം സ്കീമുകളുണ്ടായിട്ടില്ല, സ്വാഭാവികമായും ഇത് ഗൗരവമായി എടുക്കേണ്ടതാണ്. സാമ്പത്തികശേഷിയില്ലാത്തവരും രക്തസമ്മർദ്ദം, പ്രമേഹം, അപസ്മാരം തുടങ്ങിയ രോഗമുള്ളവരുമായ ആളുകൾക്ക് വേൾഡ് ബാങ്കിന്റെ സഹായം കിട്ടത്തക്കവിധത്തിൽ അവരെ എങ്ങനെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളകാര്യം ഗവൺമെന്റ് പരിശോധിക്കാം, അതിന് ഗവൺമെന്റ് പരമാവധി ശ്രമിക്കുമെന്ന് ഉറപ്പ് നൽകണം.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഗവൺമെന്റ് മെഡിസിനുവേണ്ടി മാറ്റിവയ്ക്കുന്ന അലോട്ട്മെന്റ് വളരെ കുറവാണ്. സപ്ലിമെന്ററി ഡിമാന്റിൽ കുറച്ചുകൂടി പണം മരുന്ന് വാങ്ങുന്നതിനുവേണ്ടി മാറ്റിവയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : മരുന്നുകളുടെ വില അമിതമായി വർദ്ധിക്കുന്നതുകൊണ്ട് ഇത് ഉൾക്കൊള്ളാൻ കഴിയുകയില്ല. പല മെഡിസിനുകളും സി.പി.സി. ലിസ്റ്റിൽ വരുന്നവയല്ല. ഒരു ഡ്രഗ്സ് ഫോർമുലയുണ്ടാക്കി ഈ മരുന്നിന്റെ ഉപയോഗത്തിൽ ഒരു ക്രമീകരണം വരുത്താൻ ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അമിത വിലയുള്ള മരുന്നിന് പകരം നല്ല മരുന്നുണ്ടെങ്കിൽ ചെറിയ വിലയ്ക്ക് വാങ്ങാനുള്ള സമീപനത്തിനുവേണ്ടി ഡ്രഗ്സ് ഫോർമുലയുണ്ടാക്കാൻ നടത്തിയ ശ്രമം പൂർത്തീകരിച്ചിട്ടുണ്ട്. അതിനുള്ള പ്രവർത്തനം നടക്കുകയാണ് അതിന്റെ കൂട്ടത്തിൽ പണം കണ്ടെത്താനുള്ള ശ്രമവും നടത്താം.

(2) സംസ്ഥാനത്ത മെഡിക്കൽ ഷോപ്പുകളിലും മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഫാർമസിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എം. ദാസൻ : സർ, കേരളത്തിലെ മെഡിക്കൽ ഷോപ്പുകളിലും സ്വകാര്യ ആശുപ്ത്രികളിലും ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകൾക്കും മറ്റ് ജീവനക്കാർക്കും അടിയന്തിരമായി സേവന-വേതന വ്യവസ്ഥകൾ പുതുക്കി നടപ്പിലാക്കേണ്ട ആവശ്യകതയിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നത്. കേരളത്തിൽ ഫാർമസി കൗൺസിലിൽ നിന്ന് രജിസ്ട്രഷൻ ലഭിച്ച ഇരുപത്തിരണ്ടായിരത്തിലധികം ഫാർമസിസ്റ്റുകൾ ഉണ്ട്. ഈ ഫാർമസിസ്റ്റുകളിൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഏതാണ്ട് മൂവായിരത്തോളം ആളുകളുണ്ട്. അവശേഷിക്കുന്ന പത്തൊൻപതിനായിരത്തോളം വരുന്ന ഫാർമസിസ്റ്റുകളിൽ ബഹുഭൂരിഭാഗവും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരാണ്. ഈ മേഖലയിലെ ഫാർമസിസ്റ്റുകൾക്ക് ന്യായമായ രീതിയിലുള്ള സേവന-വേതന വ്യവസ്ഥകൾ ലഭ്യമാകുന്നില്ല. എറ്റവും ഒടുവിലായി 1991-ലാണ് ഫാർമസിസ്റ്റുകൾക്ക് ഒരു മിനിമം വേതനം അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അന്ന് 505-12-620 എന്ന സ്കെയിൽ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു മിനിമം വേതന നയമാണ് ആവിഷ്കരിച്ചത്. അതിനുശേഷം ഫാർമസിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കാനുള്ള യാതൊരു നടപടിയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വളരെ കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ. ഇവർക്ക് ക്ഷേമപദ്ധതികളോ മറ്റ് സേവന - വേതന വ്യവസ്ഥകളോ ഇല്ല. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളും, മറ്റ് ജീവനക്കാരും വലിയ ദുരിതമനുഭവിക്കുകയാണ്. മെഡിക്കൽ ഷോപ്പുകളിലും സ്വകാര്യ ആശുപത്രികളിലുമായി പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്. ഫാർമസിസ്റ്റുകൾ മാത്രമല്ല സ്വീപ്പർ, സ്കാവഞ്ചർ, അറ്റൻഡർ, സെക്യൂരിറ്റി ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ, ലബോറട്ടറി യൂണിറ്റിൽ ജോലിചെയ്യുന്നവർ, സ്കാനിംഗ്, എക്സ്റേ തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നവർ ഇങ്ങനെ നിരവധി ആളുകളുണ്ട്. ഈ രംഗത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നില്ല. നേരത്തെ ശ്രീ. ടി.എം. ജേക്കബ് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന മരുന്നുകളുടെ വിലയെ സംബന്ധിച്ച് പറയുകയുണ്ടായി. അത് കേരളത്തിലെ ജനങ്ങളെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. അതുപോലെ ഈ മേഖലയുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ട്. സ്വകാര്യ ആശുപത്രിയിലാണെങ്കിൽ കഴിഞ്ഞ പതിനഞ്ചു വർഷമായി ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി വലിയ ബുദ്ധിമുട്ടുകൾ ഈ മേഖലയിലെ തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഓരോ ദിവസം കഴിയുന്തോറും ജീവിതചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly